ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാ സമിതി ശിപാർശ ചെയ്ത് റിപ്പോർട്ട് നൽകിയിരുന്നു. 2-9-2013-ൽ ചേർന്ന ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി മലയാളഭാഷാ നിയമം ഉണ്ടാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും ആയതിനുള്ള തുടർനടപടികളെടുക്കാൻ ഔദ്യോഗിക ഭാഷാ വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. 26-9-2014 തീയതിയിലെ സ.ഉ. (കൈ.) 32/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മലയാളഭാഷാ നിയമം ഉണ്ടാക്കാൻ സർക്കാർ നയപരമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചു ഔദ്യോഗികഭാഷാ വകുപ്പ് വിവിധ മാർഗ്ഗേണ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മലയാളഭാഷാ നിയമനിർമ്മാണത്തിനുള്ള മെമ്മോറാണ്ടം തയ്യാറാക്കുകയും ഇതിൻപ്രകാരം നിയമവകുപ്പ് തയ്യാറാക്കിയ മലയാളഭാഷാ നിയമം (വ്യാപനവും പരിപോഷണവും) കരട് ബിൽ മന്ത്രിസഭായോഗ പരിഗണനയിലുമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്, റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ജനസമ്പർക്ക പരിപാടിയിലെ ധനസഹായം

8 (9) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി - കരുതൽ 2015 ന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകൾ ആകെ ലഭിച്ചു ; ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചു ; വിശദമാക്കുമോ ;

(ബി) ധനസഹായത്തിന് വേണ്ടി ജനസമ്പർക്ക പരിപാടിയുടെ അന്ന് സമർപ്പിച്ച അപേക്ഷകളിന്മേൽ പാസ്സാക്കിയ തുക എത്രപേർക്ക് ഇതുവരെ നൽകിയിട്ടില്ല എന്ന് വ്യക്തമാക്കുമോ ;

(സി) അവർക്ക് എന്നത്തേക്ക് തുക നൽകുവാൻ കഴിയും എന്ന് വിശദമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് വിശദമായ ഒരവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ജനസമ്പർക്ക പരിപാടി കരുതൽ 2015-ന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ആകെ 31825 അപേക്ഷകൾ ലഭിച്ചു ഇതിൽ 29953 അപേക്ഷകൾ തീർപ്പുകൽപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5318 പേർക്ക് തുക ഇതുവരെ നൽകിയിട്ടില്ല.

(സി&ഡി) അനുവദിച്ച തുക ഇനിയും ലഭിക്കാത്തവർക്ക് ഡിസംബർ 31-നകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലാഭരണത്തിലെ പ്രതിസന്ധി

9 (10) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാതല ഉദ്യോഗസ്ഥരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം മലപ്പുറം ജില്ലാ ഭരണത്തിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെല്ലാം തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചു ; വിശദാംശം നൽകുമോ ;

(ബി) പല തസ്തികകളും ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള ഒഴിവുകൾ ഏതെല്ലാം ; ഇവയിലേക്ക് നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ജില്ലാ റവന്യു ഭരണത്തിനുകീഴിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നില്ല. എൻട്രി കേഡർ തസ്തികകളിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വെള്ളായണി കായൽ കയ്യേറ്റം

10 (11) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി കായൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും കായലിനടിയിൽ തങ്ങളുടെ പട്ടയഭൂമി കിടക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുംശുദ്ധജല തടാകമായി സംരക്ഷിക്കുന്നതിനുമായി കർമ്മപദ്ധതി 2015 ജൂൺ മാസത്തിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് മാനേജ്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ആയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല പരിശോധനാ സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly